# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26



—ഓരോ കുട്ടിയും മികവിലേക്ക്—

# എ.എം.എൽ.പി.സ്കൂൾ കാരന്തൂർ


(കുന്ദമംഗലം ഉപജില്ല,കോഴിക്കോട് )

## കാരത്തൂർ എ.എം.എൽ.പി. സ്കൂൾ: 47226

കുട്ടികളുടെ എണ്ണം:

| ക്ലാസ് | ഡിവിഷൻ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| PP | 2 | 26 | 24 | 50 |
| I | 2 | 15 | 20 | 35 |
| II | 2 | 22 | 16 | 38 |
| III | 2 | 22 | 28 | 56 |
| IV | 2 | 37 | 19 | 58 |
| V | 2 | 36 | 23 | 59 |
| ആകെ | 12 | 158 | 130 | 288 |


# സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി



**ബീരാൻ ഹാജി**
**(മാനേജർ)**




**അഷറഫ് ഹാജി**
**(സെക്രട്ടറി)**



**ഹുസൈൻ ഹാജി**
**(വൈ.പ്രസിഡന്റ്)**



**കോയ ഹാജി**
**(ജോ.സെക്രട്ടറി )**



**കാദർ ഹാജി**
**(ജോ.സെക്രട്ടറി)**

# സ്കൂൾ പി.ടി.എ കമ്മിറ്റി



മുഹമ്മദ് ഷാജി
പ്രസിഡന്റ്



ഹാരിസ് എം. സി
വൈസ് പ്രസിഡന്റ്



റഹീം പി
വൈസ് പ്രസിഡന്റ്


# സ്കൂൾ എം.പി.ടി.എ കമ്മിറ്റി



ആമിന
പ്രസിഡന്റ്



നസീറ
വൈസ് പ്രസിഡന്റ്



ഫർസാന
വൈസ് പ്രസിഡന്റ്

# സ്കൂൾ ഫാക്കൽറ്റി



ബഷീർ കെ
(ഹെഡ്മാസ്റ്റർ)



ഷീബ എം. കെ



സന എസ് .എം



നജ്മ സി



സജന പി



ഷജ്‌ന പി




ഇർഷാന ഒ .കെ




ഇൻസാഫ് എം



ജവാദ് അലി പി



ഹുസ്‌ന പി



നസിലി സി



മുഹമ്മദ് പി



റെഹന സുൽത്താന



ഫർവീന ഫൈസൽ



റഷീന എം



സ്മൃതി

# ആമുഖം

## മികവിന്റെ കേന്ദ്രങ്ങളായ പൊതുവിദ്യാലയങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമികവും ഭൗതികപരവുമായ ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് വിദ്യാലയം അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. അനു സ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ ഓരോ വർഷവും പുനർനിർമിക്കുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യത്തിലേക്കാണ് വിദ്യാലയത്തിന്റെ പ്രയാണം. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി വിദ്യാർത്ഥികളോടൊപ്പം അധ്യാപകരെയും വിദ്യാഭ്യാസ സംവിധാനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഞങ്ങൾ ചേർത്തുനിർത്തുന്നു.

പൊതുവിദ്യാഭ്യാസത്തെ മികവിന്റെ പാതയിലൂടെ മുന്നോട്ടുകൊണ്ടുപോവാനും വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത്. വിദ്യാലയത്തിന്റെ വികസനവും വിദ്യാർത്ഥികളുടെ ഉന്നമനവും ലക്ഷ്യം വെക്കുന്ന ഏതൊരു പ്രവർത്തനവും ഉത്സാഹപൂർവ്വം ഏറ്റെടുക്കുന്ന കാരന്തൂർ എ എം എൽ പി എസ് പുത്തൻ പ്രതീക്ഷകളോടെയാണ് പുതിയ അക്കാദമിക വർഷത്തെ വരവേൽക്കുന്നത്.

വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്കായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ അതിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറച്ച വിശ്വാസത്തോടെ സമർപ്പിക്കുന്നു.

- ഹെഡ്മാസ്റ്റർ
- പിടിഎ പ്രസിഡണ്ട്
- എം പി ടി എ പ്രസിഡണ്ട്

# എ.എം.എൽ.പി സ്കൂൾ കാരന്തൂർ

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ കുന്നമംഗലം ഉപജില്ലയിൽ കാരന്തൂർ ദേശത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് തുടക്കം കുറിച്ച വിദ്യാലയം അതിന്റെ നൂറാം വാർഷികത്തോട് അടുക്കുകയാണ്.

എം. ഇ.ആർ പദ്ധതിയിൽ പഞ്ചമി സ്കൂൾ ആയി ആരംഭിച്ച ഈ വിദ്യാലയത്തിൽ *1929* ഏപ്രിൽ മൂന്നാം തീയതിയാണ് ആദ്യ അഡ്മിഷൻ നടന്നത്.കാരന്തൂരിലെ പൗര പ്രമുഖനായിരുന്ന പാവു കണ്ടത്തിൽ അഹമ്മദ് ഹാജിയാണ് സർക്കാരിൽ നിന്ന് *50* രൂപക്ക് സ്ഥലം ലേലത്തിൽ വിളിച്ചെടുത്ത് വിദ്യാലയം സ്ഥാപിച്ചത്. *1986* മാർച്ച് ആറിന് ഈ സ്കൂൾ കാരന്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മുസ്ലിം എജുക്കേഷനൽ ട്രസ്റ്റ് ഏറ്റെടുത്തു. അതിനുശേഷം സ്കൂളിന് പുതിയ കെട്ടിടങ്ങളും മികച്ച ഭൗതിക സൗജന്യങ്ങളും ഉണ്ടായി. ഇപ്പോൾ ഈ വിദ്യാലയത്തിൽ ഒന്ന് മുതൽ അഞ്ചുവരെ ക്ലാസുകളിൽ ആയി *288* കുട്ടികൾ പഠിക്കുന്നു. കുന്നമംഗലം ഉപജില്ലയിലെ തന്നെ ഭൗതിക സാഹചര്യങ്ങളിലും അക്കാദമിക രംഗത്തും ഉന്നത നിലവാരം പുലർത്തുന്ന വിദ്യാലയമാണ് കാരന്തൂർ എ എം എൽ പി എസ് പ്രവർത്തന നിരതരായ പിടിഎയും എം പി ടി എയും സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം ഉയർത്തുന്നതിൽ കാര്യമായ പങ്ക് നിർവഹിക്കുന്നുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിൻറെ പേര്. | :എ എം എൽ പി സ്കൂൾ കാരന്തൂർ |
| മേൽവിലാസം. | : കാരന്തൂർ,കുന്നമംഗലം കോഴിക്കോട് -673571 |
| സ്കൂൾ കോഡ്. | : 47 226 |
| Udise കോഡ. | :32040601009 |
| സ്ഥാപിത. | :01/05/1929 |
| വിദ്യാഭ്യാസ ജില്. | : താമരശ്ശേരി |
| വിദ്യാഭ്യാസ ഉപജില്. | : കുന്നമംഗലം |
| റവന്യൂ ജില്. | : കോഴിക്കോട് |
| ബി ആർ സ. | : കുന്നമംഗലം |
| ഗ്രാമപഞ്ചായത്ത. | : കുന്നമംഗലം |
| ബ്ലോക്ക് പഞ്ചായത്ത. | : കുന്നമംഗലം |
| ജില്ലാ പഞ്ചായത്ത. | : കോഴിക്കോട് |
| താലൂക്ക്. | :കോഴിക്കോട് |
| വില്ലേജ്. | :കുന്നമംഗലം |
| ഇമെയിൽ വിലാസ. | :karanthur amlps @gmail.com |
| ഫേസ്ബുക്ക. | : AMLPS Karanthur |
| യൂട്യൂബ. | :Media AMLPS Karanthur |
| സ്കൂൾ വിക്ക. | :എ.എം. എൽ.പി.എസ്. കാരന്തൂർ |

# പൊതു ലക്ഷ്യങ്ങൾ

▪ ഓരോ വിദ്യാർത്ഥിയും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

▪ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി, ഭാഷകളിൽ എഴുതാനും വായിക്കാനും കഴിയുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക

▪ കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശ നിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറുക.

▪ വായന ഒരു സംസ്കാരമായി രൂപപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ ഒരുക്കുക

▪ ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

▪ വിദ്യാലയത്തെ ജൈവവൈവിധ്യ കലവറയായി മാറ്റുക

▪ വിദ്യാലയത്തെ മാലിന്യമുക്ത, പ്ലാസ്റ്റിക് നിരോധിത മേഖലയാക്കുക

▪ ശുചിത്വം, വേസ്റ്റ് മാനേജ്മെൻറ്, മലിനജല നിർമ്മാർജ്ജനം, തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

▪ കൃഷി, ഔഷധത്തോട്ടം,ഉദ്യാനം, എന്നിവ മികച്ച രീതിയിൽ പരിപാലിക്കുക്കപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് തന്നെ ചുമതല നൽകുക

▪ ലഹരി ഉപയോഗം, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെയുള്ള മുൻകരുതൽ

▪ പഠന പിന്നോക്കം നിൽക്കുന്നവർക്ക് പരിഹാരബോധന ക്ലാസുകൾ സംഘടിപ്പിക്കുക

▪ ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക

▪ പഠന പിന്തുണ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ, എന്നിവക്കെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക

▪ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക

▪ വിദ്യാലയ പ്രവർത്തനങ്ങളിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുക

▪ എസ് എസ് ജി പോലെയുള്ള പിന്തുണ സംവിധാനങ്ങൾ കാര്യക്ഷമമാക്കി സമൂഹ പങ്കാളിത്തം വിപുലപ്പെടുത്തുക

# ലക്ഷ്യങ്ങൾ

**ഭാഷാ വികസനം**

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- എല്ലാ കുട്ടികളും അവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക
- മികച്ച വായനാശീലം വളർത്തുക

**ഇംഗ്ലീഷ്**

- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
- സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക
- ക്ലാസ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

**പരിസര പഠനം**

- ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ശാസ്ത്ര പഠനത്തിൽ താൽപ്പര്യം വളർത്തുക
- ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

**ഗണിതം**

- അടിസ്ഥാന ഗണിതക്രിയകൾ കുട്ടികളിൽ ഉറപ്പാക്കുക
- ഓരോ ക്ലാസിലും കുട്ടി നേടേണ്ട ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

**അറബിക്**

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക
- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും എത്തി എന്ന് ഉറപ്പുവരുത്തുക
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറിയിൽ ഒരുക്കുക
- ഐടി സാധ്യത പ്രയോജനപ്പെടുത്തുക

**സാമൂഹികബോധം**

- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
- ജനാധിപത്യ വേദികൾ ഒരുക്കുക
- ഒരു വ്യക്തി എന്ന നിലയിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക
- ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ എന്നിവ സംഘടിപ്പിക്കൽ

**ഐ സി ടി**

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
- വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക
- കുട്ടിക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

**പ്രവർത്തിപരിചയം**

- പ്രയോജനകരമായ ഉൽപ്പന്നങ്ങളും ഉപകരണങ്ങളും നിർമ്മിക്കാനുള്ള കഴിവ് വിദ്യാർത്ഥികളിൽ വികസിപ്പിക്കുക
- മറ്റു വിഷയങ്ങളുമായി പ്രവർത്തി പരിചയത്തെ ബന്ധിപ്പിക്കുക കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുക

**കലാപഠനം**

- കുട്ടികളിലെ കലാഭി രുചി വളർത്തുക
- സർഗാത്മക കഴിവുകൾ കണ്ടെത്താൻ അവസരങ്ങൾ സൃഷ്ടിക്കുക
- പരിശീലന പരിപാടികൾ സംഘടിപ്പിക്കുക

**ആരോഗ്യ കായികം**

- വിദ്യാലയത്തെ ഹരിതാഭവമാക്കുക
- മാലിന്യമുക്ത പ്ലാസ്റ്റിക് നിരോധിത വിദ്യാലയ പരിസരം ലക്ഷ്യം വെക്കുക
- എല്ലാ കുട്ടികളിലും നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുക
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം 1**
**എന്റെ വിദ്യാലയത്തിന് എന്റെ സമ്മാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ചവയനാശീലം വളർത്തുക | ക്ലാസ്സ്ലൈബ്രറി സാജ്ജീകരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളിൽ നിന്ന് പുസ്തകം സ്വരൂപിക്കൽ | ജൂൺ | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 2**
**അക്ഷര ജാലകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എന്റെ കുട്ടികളേയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാകുറിപ്പ് കുട്ടികൾ തയ്യാറാക്കുന്നു. ഒരു ആകാദമിക വർഷത്തിൽ ഒരു കുട്ടി കുറഞ്ഞത് ഒരു 10 എണ്ണം engilum | ജൂൺ -മാർച്ച് | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 3**
**എന്റെ പിറന്നാൾ പുസ്തകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | • എല്ലാക്ലാസിലും ക്ലാസ് ലൈബ്രറി തയ്യാറാക്കുന്നു<br>• പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ<br><br>ജൂൺ-മാർച്ച് | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 4**
**ഉച്ചഭാഷിണി വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണമായി വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | • ഉച്ചഭക്ഷണത്തിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂ-മാർച്ച് | ക്ലാസ്അദ്ധ്യാപകൻ | |

| **പ്രവർത്തനം 5**<br>**കയ്യെഴുത് മാസികകൾ** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികൾക്ക് സർഗാത്മക രചനയിലൂടെ അവസരമൊരുക്കൽ | • കുട്ടികളെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർപത്രിക ,കയ്യെഴുത്ത് മാഗസിൻ) | ഓരോ ടേമി ലും | വിദ്യാരംഗം ഭാഷ club | |

| **പ്രവർത്തനം 6**<br>**സംയുക്ത ഡയറി (1st std)** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടിയുടെ സ്വതന്ത്ര രചന ശേഷി വർദ്ധിപ്പിക്കുക | • പരിചയപ്പെട്ട അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങളിൽ നിരന്തരം ഉപയോഗിക്കാൻ അവസരം ഒരുക്കുക | ജൂ- മാർച്ച് | ഒന്നാം ക്ലാസ് അദ്ധ്യാപകർ | |

**പ്രവർത്തനം 7**
**റീഡേഴ്സ് തീയേറ്റർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന് | • ഭാവം ഉൾകൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസിനു മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള അവസരം ഒരുക്കുക | ഡിസംബർ-മാർച്ച് | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 8**
**വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം തെറ്റ് കൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | • പ്രീ ടെസ്റ്റ്<br>• ക്ലാസ് ലൈബ്രറി വികസനം<br>• കുഞ്ഞു വായന<br>• വായനാകാർഡുകൾ<br>• കഥ പറയൽ<br>• കഥോത്സവം | ജൂൺ | ക്ലാസ്അദ്ധ്യാപകൻ | |

## പ്രവർത്തനം 9
## ദിനാചരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുവാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചന നടത്തുക.<br>• ജൂൺ 5 പരിസ്ഥിതി ദിനം<br>• ജൂൺ 19 വായനാ ദിനം<br>• ഓഗസ്റ്റ് 6 ഹിരോഷിമ ദിനം<br>• ഓഗസ്റ്റ് 15 സ്വതന്ത്ര ദിനം<br>• ഒക്ടോബർ 2 ഗാന്ധിജയന്തി | ജൂൺ<br><br>ഒക്ടോബർ<br><br>ഓഗസ്റ്റ്<br><br>ഒക്ടോബർ | | |

## പ്രവർത്തനം 10
## സജ്ജം-ഭാഷാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരത്തെറ്റില്ലാതെ മുഴുവൻ കുട്ടികളേയും എഴുതാനും വായിക്കാനും പ്രാപ്തകരാക്കുക | • പ്രീ.ടെസ്റ്റ്<br>• ഭാഷപരിപോഷണത്തിനായി പ്രത്യേക സമയം കണ്ടെത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു | **ജൂലൈ<br>സെപ്റ്റംബർ** | **ഷീബ ടീച്ചർ** | |

## പ്രവർത്തനം 11
## ബാലസഭ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിലെസർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുക | • പഠനലക്ഷ്യവുമായി ബന്ധപ്പെടുത്തി വിവിധ കലാപ്രകടനങ്ങൾ ഓരോ മാസവും അവസരം നൽകുന്നു | **ജൂൺ -ഫെബ്രുവരി** | **ക്ലാസ് ടീച്ചർ** | |

## പ്രവർത്തനം 12
## കഥോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ കഥകൾ ആസ്വദിക്കുന്നതിനും അവതരിപ്പിക്കുന്നതും ലക്ഷ്യം വെക്കുന്നു | • അമ്മകഥകളുടെ ഓഡിയോ ശേഖരണം<br>• അധ്യാപകരുടെ കഥാവതരണം<br>• കുട്ടികളുടെ കഥാവതരണം (സ്കൂൾ റേഡിയോയിൽ) | • ജൂലൈ<br>• മാർച്ച് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 13
## രചനോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വതന്ത്ര രചനക്കുള്ള അവസരം സൃഷ്ടിക്കൽ | • ഡയറി രചന<br>• കഥാരചന<br>• കവിതാരചന | • ആഗസ്റ്റ്<br>• മാർച്ച് | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

**പ്രവർത്തനം 1**
**ഇംഗ്ലീഷ് അസംബ്ലി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | വിദ്യാർത്ഥികൾ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം (ബുധൻ) | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 2**
**ഇംഗ്ലീഷ് ഡയറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ രചന മെച്ചപ്പെടുത്തുക | വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 3**
**ഇംഗ്ലീഷ് തീയേറ്റർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ skit,Drama,Conversation,Story telling etc… | ഓരോ മാസവും ഒരോന്ന് വീതം | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 4**
**മാഗസിൻ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ സ്വതന്ത്ര രചനയ്ക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുക | വിദ്യാർഥികളുടെ സ്വതന്ത്ര രചനകൾ ഉൾപ്പെടുത്തി മാസിക | മൂന്ന് മാസത്തിൽ ഒരിക്കൽ | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 5**
**ഇംഗ്ലീഷ് ഫെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സങ്കോചമില്ലാതെ ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | • വിദ്യാർഥികളുടെ വിവിധ കലാപ്രകടനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കുന്നു | ടേമിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം 1**
**ശാസ്ത്ര കിറ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള | • ഉച്ചഭക്ഷണത്തിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂ-മാർച്ച് | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 2**
**എന്റെ പരീക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | ജൂൺ-മാർച്ച് | ക്ലാസ്അദ്ധ്യാപകൻ | |

**പ്രവർത്തനം 3**
**പ്രകൃതി നടത്തം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |

**പ്രവർത്തനം 4**
**ശാസ്ത്ര മൂല**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |

**പ്രവർത്തനം 5**
**ശാസ്ത്ര യാത്ര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |

**പ്രവർത്തനം 6**
**ഭൂപടമൊരുക്കൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേന്ദ്രം-ഇന്ത്യ-ഭൂപട വായന-സൂചിക-പരിചയപ്പെടുത്തൽ | ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>ടീച്ചർ ക്ലാസ് | PTA |

**പ്രവർത്തനം 7**
**ശാസ്ത്ര വിസ്മയ ചുമർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ടീച്ചർ ക്ലാസ് | PTA |

**പ്രവർത്തനം 8**
**ശാസ്ത്രോത്സാവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| **പ്രവർത്തനം 9**<br>**ശാസ്ത്ര മാസിക** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക<br>വിശകലനം |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# അറബി

## പ്രവർത്തനം 1
## അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

## പ്രവർത്തനം 2
## അറബി വായനോത്സാവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി പാഠ നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | • വായന മത്സരം<br>• സ്കൂൾ ലൈബ്രറി<br>• വായനാക്കുറിപ്പുകൾ<br>• അറബിക് പത്ര വായന | ജൂൺ-മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം 3**
**അറബി രചനോത്സാവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം | • പതിപ്പുകളുടെ നിർമ്മാണം<br>• വായ്നകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷകളികൾ | ജൂൺ-മാർച്ച് | അറബി ടീച്ചർ | |

# ഗണിതം

| പ്രവർത്തനം 1<br>രൂപങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ചതുരം,വൃത്തം,ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു | • പ്രീ ടെസ്റ്റ്<br>• ഈർക്കിലുകൾ,കമ്പുക എന്നിവ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം 2<br>സംഖ്യാ വ്യാഖ്യാനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാ പാറ്റേണുകൾ<br>• നാണയങ്ങൾ<br>• പാറ്റേണുകൾ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 3**
**സംഖ്യാ ബോധം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യ ഉറപ്പിക്കൽ | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 4**
**സങ്കലന വ്യവകലന ക്രിയകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സങ്കല-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മന കണക്കുകൾ<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ-നവംബർ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 5**
**ഗുണനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗുണന വസ്തുകൾ നേടൽ | • മന കണക്കുകൾ<br>• മഞ്ചാടി കളി | ഡിസംബർ-ജനുവരി | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 6**
**ഹരണ ക്രിയകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐ.സി.ടി സാധ്യതകൾ | ഫെബ്രുവരി-മാർച്ച് | ക്ലാസ് ടീച്ചർ | |

| **പ്രവർത്തനം 7<br>അബാക്കസ് പരിശീലനം** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഗണിത പഠനം രസകരമാക്കാനും ഗണിതത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കാനും | • പ്രത്യേക സമയം കണ്ടെത്തി വിദ്യാർത്ഥികൾക്ക് അബാക്കസ് പരിശീലനം നൽകുന്നു | ആഴ്ചയിൽ ഒരു ദിവസം- ശനി | ഗണിത ക്ലബ് | |

# സാമൂഹികാവബോധം

**പ്രവർത്തനം 1**
**സ്കൂൾ പാർലമെന്റ് ഇലക്ഷൻ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക | • തെരെഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്ന രീതിയിൽ സ്കൂൾ പാർലമെന്റ് ഇലക്ഷൻ സംഘടിപ്പിക്കുന്നു | ജൂലൈ | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

**പ്രവർത്തനം 2**
**ലഹരിവിരുദ്ധ പ്രവർത്തനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ മോശം ആസക്തിയെക്കുറിച്ചുള്ള ബോധവും പ്രതിരോധ ശേഷിയും വളർത്തുക | • സുംബ പരിശീലനം<br>• പോസ്റ്റർ നിർമ്മാണം<br>• ബോധവൽക്കരണ ക്ലാസുകൾ | ആഴ്ചയിൽ ഒരു ദിവസം-ശനി | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

| പ്രവർത്തനം 3<br>ബുൾ ബുൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വിദ്യാഭ്യാസം,സേവനം, സ്വയം ശാസനം എന്നീ മൂല്യങ്ങളിലൂടെ മാതൃപരമായ കുട്ടികളായി വളർത്തിയെടുക്കുക | നമ്മുടെ സ്കൂളിലെ സേവന തല്പരരായ കുട്ടികളുടെ ഒരു കൂട്ടം രൂപീകരിക്കുകയും സാമൂഹിക സേവനത്തിന്റെ മഹത്വം മറ്റു കുട്ടികളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു | വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര ക്ലബ് | |